DESPATCHED
On. 29/06/2020
5.3.20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2269*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15484**/*എസ്.ഐ.സി-ജി 6/15*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ബി.മോഹന ചന്ദ്രൻ,
മനയത്തുശ്ശേരിൽ പുത്തൻ വീട്,
പള്ളിയ്ക്കച്ചിറ പി.ഒ., പായിപ്പാട്,
ചങ്ങനാശ്ശേരി, കോട്ടയം. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അണ്ടർ സെക്രട്ടറി, സാംസ്ക്കാരിക കാര്യ (ബി)
വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
അഡീഷണൽ സെക്രട്ടറി,
സാംസ്ക്കാരിക കാര്യ (ബി) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.07.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07.09.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.09.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 29.09.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ബി.മോഹനചന്ദ്രൻ,

23.09.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 29.09.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2269(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി പൂർണ്ണവും തൃപ്തികരവുമായിരുന്നില്ലെന്നും ടിയാന്റെ ഒന്നാം അപ്പീലിന്മേൽ ആവശ്യപ്പെട്ട 3 വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.07.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 01.08.2015ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 19.08.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 07.09.2015ന് മറുപടി നൽകിയതായും കാണുന്നു.

4. 31.10.2015ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സംസ്ഥാന പുരാവസ്തു വകുപ്പിലെ ഹയർ ഡി.പി.സി.യുമായി ബന്ധപ്പെട്ടുള്ള ഫയലിലെ വിശദാംശങ്ങൾ ലഭിക്കുന്നതിനായി 22.07.2015ൽ അപേക്ഷ സമർപ്പിക്കുകയും ആയതിന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ടിയാൻ 19.08.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിനും നിശ്ചിത സമയപരിധിയ്ക്കകം തന്നെ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ടിയാന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിന് 22.08.2015ലെ ഉത്തരവ് പ്രകാരം ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും ക്രമനമ്പർ 2ന് വിവരാവകാശ നിയമത്തിൽ വിവക്ഷിക്കുന്ന വിവരമല്ലെന്നും 3-ാം ഇനത്തിന് പ്രസ്തുത തീർപ്പ് ഫയൽ പരിശോധിക്കുന്നതിന് ഹർജിക്കാരന് 2 പ്രാവശ്യം അവസരം നൽകിയിരുന്നുവെന്നും എന്നാൽ ടി ഫയൽ പരിശോധിക്കാൻ ഹാജരാകാതെയാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 22.07.2015ലെ അപേക്ഷയ്ക്ക് 01.08.2015ൽ മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ

അപേക്ഷയിലെ 6, 8 എന്നീ ഇനങ്ങൾ പ്രൊമോഷൻ സംബന്ധിച്ച വിവരങ്ങൾ ആയിരുന്നുവെന്നും ആയത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവ യല്ലെന്നും ആയത് സംബന്ധിച്ച ഫയൽ പരിശോധിക്കുന്നതിന് അപ്പീൽ അധി കാരി അവസരം നൽകിയിരുന്നുവെന്നുമാണ്. ഇപ്പോൾ ടിയാന് പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെന്നും ടിയാന്റെ പരാതി പരിഹരിച്ചിട്ടുണ്ടെന്നും ഒന്നാം എതിർകക്ഷി കമ്മീഷനു മൊഴി നൽകി. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ തുടർ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കു ന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/